**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 267

# മനസ്സും ഓർമ്മയും

## ON MIND AND MEMORY

**നവംബർ 28, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### മനസ്സിന്റെ അഞ്ചാമത്തെ ഭാവം – ഓർമ്മ
### THE FIFTH ASPECT OF THE MIND – MEMORY

സ്മൃതി എന്നാൽ ഓർമ്മ. കാണപ്പെടുന്നതും കേൾക്കപ്പെടുന്നതുമായ ഓരോന്നും, നമ്മുടെ സകല അനുഭവങ്ങളും, നമ്മുടെ ശരീരശാസ്ത്രത്തിന്റെ കമ്പ്യൂട്ടറിൽ, മനസ്സിൽ, റിക്കാർഡ് ചെയ്യപ്പെടുന്നു. ഇത് നല്ലതാണ്. ഡോക്ടർമാർക്ക് ഓർമ്മയില്ലാ



എങ്കിൽ നമുക്ക് നമ്മുടെ ഇൻഷുറൻസ് പോളിസികളുടെ കാര്യത്തിൽ നല്ല ജാഗ്രത വേണ്ടി വന്നേനേ. എഞ്ചിനീയർമാർക്ക് ഓർമ്മയില്ലായിരുന്നെങ്കിൽ പാലങ്ങൾ തന്നെ ജനസംഖ്യാപ്രശ്നം പരിഹരിച്ചേനേ! ടീച്ചർമാർക്ക് ഓർമ്മയില്ലായിരുന്നെങ്കിൽ വിദ്യാർത്ഥികൾക്ക് അവരുടെ ആയുസ്സിൽ ഒരു ബിരുദവും ലഭിക്കാതെ വന്നേനേ. ഓർമ്മയില്ലാത്ത ഒരു ഭർത്താവിനെപ്പറ്റി ഒരു ഭാര്യയോടു തിരക്കിനോക്കൂ!

ദൈനംദിന, സാധാരണ ജീവിതത്തിൽ ഓർമ്മ ആവശ്യമുള്ളതാണ്. പക്ഷേ ആദ്ധ്യാത്മികാനുഭവത്തിൽ അഥവാ മാർഗത്തിൽ ഓർമ്മ ഫലപ്രദമാവില്ല. അതൊരു പ്രതിബന്ധം, ഒരു തടസ്സം, ഒരു സ്തംഭനം ആകുന്നു, അത് നെഗറ്റീവാകുന്നു. എന്തുകൊണ്ട്?




നിങ്ങൾ പറഞ്ഞേക്കാം, "ഭഗവാൻ കഴിഞ്ഞ ആഴ്ച എനിക്കൊരു ഇന്റർവ്യൂ തന്നു, അവിടുന്നപ്പോൾ പറഞ്ഞത് ഞാനോർക്കുന്നു." എങ്കിൽ താങ്കളെന്തിനാണ് വീണ്ടും ദർശനത്തിന് എത്തുന്നത്?

കഴിഞ്ഞ കൊല്ലം താങ്കൾക്കു ലഭിച്ച ഇന്റർവ്യൂ താങ്കൾ ഓർക്കുന്നുവെങ്കിൽ, താങ്കളെന്തിനാണ് വീണ്ടും വരുന്നത്?'' ''ഹേയ്! കഴിഞ്ഞത് കഴിഞ്ഞു! എനിക്ക് മറ്റൊരെണ്ണം വേണമെന്നുണ്ട്.'' ശരിയോ? ഇന്നു കാലത്ത് സ്വാമി നിങ്ങളെ നോക്കിയതാണ്, എന്നിട്ടും വൈകുന്നേരത്ത് ആദ്യ ലൈനിനു വേണ്ടിയാണ് താങ്കൾ ആഗ്രഹിക്കുന്നത്. എന്തുകൊണ്ട്? ''അത് വ്യത്യസ്തമാണ്.''




Only if you recognise the changeless Divine Principle that supports the changing universe can you easily understand the entire secret of the universe. Your mind is the cause of your inability to understand the real nature of this world. The characteristic of the mind is *pravritthi* external orientation.

അപ്പോൾ, ആദ്ധ്യാത്മികാനുഭവത്തിൽ അഥവാ ആദ്ധ്യാത്മിക മാർഗത്തിൽ നമ്മുടെ ഓർമ്മ പ്രവർത്തിക്കുന്നില്ല. ഒരു ഭക്തൻ അഥവാ ഭക്ത ഭഗവാനെ കണ്ടിട്ടുണ്ടാവാം, അവിടുന്നിനോട് സംസാരിച്ചിട്ടുണ്ടാവാം, ഭഗവാനാൽ അനുഗ്രഹിക്കപ്പെട്ടിട്ടുണ്ടാവാം, ഇന്റർവ്യൂ ലഭ്യമായിട്ടുണ്ടാവാം. പക്ഷേ തന്റെ ഓർമ്മ പ്രവർത്തിക്കുന്നതിനും കേവലം ആ സ്മരണയുടെ അവസ്ഥയിൽ ജീവിക്കുന്നതിനും അയാൾ സ്വയം അനുവദിച്ചുകൂടാ. അയാൾ അതിമോഹമുള്ളവനാവാൻ പാടില്ല. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, ആദ്ധ്യാത്മിക പഥത്തിൽ ഓർമ്മ പ്രവർത്തിക്കില്ല.

ഇനിയും, ഒരുവന്റെ മുന്നനുഭവങ്ങളുടെ ഇടയ്ക്കിടെയുള്ള ആവർത്തനം സദസ്യരെ മുഷിപ്പിക്കും. വ്യക്തികളുടെ ആവിഷ്കരണങ്ങൾ വ്യത്യസ്തമാണ്. അവയെ സാമാന്യവത്കരിക്കാനാവില്ല. ചില ആളുകൾ നിരന്തരം ആവർത്തിക്കുന്നത് നമുക്ക് കാണാം, ''1972ൽ എന്തു സംഭവിച്ചുവെന്നാൽ...89-ൽ ഞാൻ വന്നപ്പോൾ... 92-ൽ

ഞാൻ ഇരിക്കുമ്പോൾ…" അവർ അവരുടെ വൈയക്തികാനുഭവങ്ങൾകൊണ്ട് ഓരോരുത്തരെയും പ്രഹരിക്കുകയാണ്, എത്ര മഹാനാണ് താനെന്നു കാണിക്കാൻ മാത്രമാണ് ഇത്! ഇതൊരു തെറ്റാണ്! ഇതെല്ലാം ഡംഭാണ്, പരസ്യമാണ്, ഈഗോ-ട്രിപ്പാണ്. നമ്മൾ ട്രിപ്പു പോകാറുണ്ട്, എന്നാലിത് ഈഗോ-ട്രിപ്പാണ്! ഈഗോ-ട്രിപ്പുകൾ നമ്മെ എവിടെയും എത്തിക്കില്ല. അതിൽ ആഗമനം(arrival) ഇല്ല, ഗമന (departure)വും ലാൻഡിംഗുമില്ല. അത് ഉയരെ ഉയരെ പറന്നുകൊണ്ടു മാത്രമിരിക്കും.



അത്രമാത്രം. നമുക്ക് മേലിൽ ഈഗോ-ട്രിപ്പുകൾക്ക് പോവാതിരിക്കാം. അനുഭവങ്ങൾ സാർവലൗകിക(universal)മാവണം.

*സാൽവദോർ ദാലിയുടെ പ്രസിദ്ധമായ രചന The Persistance of Memory*(1931).

ശങ്കരാചാര്യർ ഇതിനെ 'സാർവത്രിക പൂർണാനുഭവം' എന്നാണ് വിളിക്കുന്നത്. ഇതിനർത്ഥം, എല്ലാകാലത്തും ബാധകമായ ഒരു സമഗ്രാനുഭവം എന്നാണ്. അത് വൈയക്തികമായതോ കാലത്തിനും സ്ഥലത്തിനും അനുസൃതമായി കണ്ടീഷൻ ചെയ്യപ്പെടുന്നതോ അല്ല. അതിനെ നിങ്ങൾക്ക് അനുഭവമെന്ന് വിളിക്കാനാവുമോ? ഇല്ല! നിങ്ങൾക്ക് സംഭവിച്ചത് എനിക്കും സംഭവിക്കണം. കഴിഞ്ഞ കൊല്ലം നിങ്ങൾക്ക് സംഭവിച്ചതെന്തോ അത് ഇക്കൊല്ലവും നിങ്ങൾക്ക് സംഭവിക്കണം, അത് ഓരോരുത്തർക്കും സംഭവിക്കണം. ഇതിനെയാണ് 'സാർവലൗകിക സ്വീകാരം' എന്നു വിളിക്കുക.





അതുകൊണ്ട്, മനസ്സിന്റെ അഞ്ചാമത്തെ ഭാവമായ ഓർമ്മ(Memory), ഒരു പ്രതിബന്ധമാകുന്നു. എല്ലാം ഭൂതകാലത്തിൽ നിന്നുകൊണ്ട് കാണാൻ അത് ഒരുവനെ പ്രേരിപ്പിക്കുന്നു. 20 വയസ്സു പ്രായമുള്ള ഒരു പയ്യനോട് 45 കൊല്ലം മുമ്പു നടന്നതെന്തെന്ന് വിശദീകരിക്കുന്ന ഭക്തരുണ്ട്. ആദ്ധ്യാത്മികതയുടെ സ്ഥലത്ത് ഒരുവൻ വിനീതനും മര്യാദയുള്ളവനുമാവണം. നാട്ടുമര്യാദ അതാണനുശാസിക്കുന്നത്, അത് സമഗ്രമായ നാട്യമാണെങ്കിൽപ്പോലും. "45 കൊല്ലം മുമ്പ് ഒരു കെട്ടിടവും ഉണ്ടായിരു

ന്നില്ല. ഞങ്ങൾ അന്നു മുതൽക്കേ വരുന്നതാണ്. ചിത്രാവതി നദീതീരത്താണ് ഞങ്ങൾ ഉറങ്ങാറുണ്ടായിരുന്നത്. ഞങ്ങൾ ക്യൂ ആയി, ഒരു ലൈനായി വരും, സ്വാമി ഓരോരുത്തരോടും സംസാരിക്കും. ഭഗവാന് മാലയിടാനും ഓരോരുത്തർക്കും അവസരം കിട്ടും.'' 45 കൊല്ലം മുമ്പ് നടന്നതൊക്കെ വിവരിക്കുന്നത് അദ്ദേഹം തുടരുകയാണ്. അദ്ദേഹം കഴിഞ്ഞ കാലത്തിലാണ് ജീവിക്കുന്നത്, വർത്തമാനകാലത്ത് ജീവിക്കാൻ അദ്ദേഹം നിങ്ങളെ അനുവദിക്കില്ല. ഇപ്രകാരം, ഇരു കൂട്ടർക്കും നഷ്ടമാണ്, മൊത്തത്തിൽ വിഡ്ഢിയായി, വിവേകശൂന്യമായി പെരുമാറിക്കൊണ്ട്.

ആദ്ധ്യാത്മികതയെന്നത് ഭൂതകാലമല്ല. ഇതിന് ഉപോത്ബലകമായി എത്ര ശാസ്ത്ര ഗ്രന്ഥങ്ങൾ വേണമെങ്കിലും, എത്ര വാക്യങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാനാവും ഒരുവന്. ആദ്ധ്യാത്മികതയെന്നത് ആ നിമിഷത്തിലെ ജീവിതമാണ്, വർത്തമാനകാല ജീവിതമാണ്. ആദ്ധ്യാത്മികതയെന്നത് അസ്തിത്വപരമാണ്, പരീക്ഷണപരമാണ്, അനുഭവപരമാണ്. നേരേ മറിച്ച്, ഒരുവൻ കഴിഞ്ഞ കാലത്തിലാണ് ജീവിക്കുന്നതെങ്കിൽ, നിങ്ങളെ അവിടേക്ക് വലിച്ചിഴച്ച് കുഴിച്ചു മൂടുകയാണെങ്കിൽ, എന്തു സംഭവിക്കും? നമുക്ക് ഭൂതകാലത്തിൽ ജീവിക്കാതിരിക്കാം.




ഭൂതകാലത്തിൽ ജീവിക്കുന്നവർക്ക് ഓർമ്മ എന്ന മനസ്സിന്റെ ഒരു ഭാവമാണുള്ളത്. അക്കാദമികമായും ലൗകികമായും ഉള്ള ഉദ്ദേശ്യങ്ങൾക്ക് ഓർമ്മ നല്ലതാണ്, പക്ഷേ ആദ്ധ്യാത്മികതയിൽ ഓർമ്മയ്ക്ക് യാതൊരു സ്ഥാനവുമില്ല.

ആദ്ധ്യാത്മികത, ഗർഭപാത്രം തൊട്ട് ശവകുടീരം വരെ പരിശീലിക്കപ്പെടുന്നു, തുടക്കം മുതൽ ഒടുക്കം വരെ. വാസ്തവം പറഞ്ഞാൽ, അതിന് ഒരു ആരംഭമോ അവസാനമോ ഇല്ല. ആദ്ധ്യാത്മികതയെന്നത് വഴിയില്ലാത്ത ഭൂപ്രദേശമാണ്. അതിനാൽ, ഓർമ്മയെ ഒരു മാനദണ്ഡത്തിലും ആദ്ധ്യാത്മികതയെന്ന് വിളിക്കാനാവില്ല.

## ഭൂതകാലം മൂലമുള്ള ഉദാസീനത വർത്തമാനകാലത്തിലേക്ക് പ്രക്ഷേപിക്കപ്പെടുന്നു
## INDIFFERENCE CAUSED BY THE PAST BEING PROJECTED ONTO THE PRESENT

ഓർമ്മയെന്നത് പോയകാലത്തിന്റെ മനസ്സിലെ റിക്കാർഡിംഗാണ്, ഒരു കമ്പ്യൂട്ടറിലെപ്പോലെ. മനസ്സ് എന്താണ് ചെയ്യുന്നത്, മനസ്സ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്? മനസ്സിൽ റിക്കാർഡു ചെയ്യപ്പെട്ടിരിക്കുന്ന ഭൂതകാലം, വർത്തമാനത്തിലേക്ക് പ്രക്ഷേ

പിക്കപ്പെടും. ഭൂതകാലത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഓരോന്നിനെയും പ്രക്ഷേപിക്കാനാണ് മനസ്സ് ശ്രമിക്കുന്നത്.

ഇതാ ഒരു ചെറിയ ഉദാഹരണം. സ്വാമി പറയുകയാണ്, “അടി മുതൽ മുടി വരെ എന്നിൽ സ്വാർത്ഥതയുടെ തരി പോലുമില്ല. ഞാൻ പൂർണമായും നിസ്വാർത്ഥനാകുന്നു.” നമ്മുടെ രോമം എണീറ്റു നിൽക്കണം, നാം കൈയ്യടിക്കണം. ആ പ്രസ്താവന കേൾക്കുമ്പോൾ നാം അത്രമേൽ സന്തോഷിക്കുകയും ആവേശഭരിതരാവുകയും വേണം!




പകരം, നാം തണുത്ത് നിർവികാരരായി ഇരുന്നാൽ, കെമിസ്ട്രി ലാബിലെപ്പോലെ-നിറമില്ലാതെ, മണമില്ലാതെ, രുചിയില്ലാതെ! എന്താണ് നാമിങ്ങനെ? നാം പറയും, “സ്വാമി പോയ വർഷവും ഇതുപോലെ പറയുകയുണ്ടായി.” ഓ!




ഈ നിർവികാരാവസ്ഥ, സ്വീകാര്യമില്ലായ്കയുടെ അവസ്ഥ, പ്രതികരണരാഹിത്യത്തിന്റെ അവസ്ഥ, പോയകാലം ഇന്നിലേക്ക് പ്രക്ഷേപിക്കുന്നതു കാരണമാണ്. അതുകൊണ്ട്, ഇത്തരം പ്രസ്താവനകൾകൊണ്ട് നിങ്ങൾക്ക് പ്രയോജനമില്ല.

ചില ആളുകൾ ഭഗവാന്റെ പ്രഭാഷണത്തിനു ശേഷം നിങ്ങൾക്കൊപ്പം നടക്കും, അവർ പറയും, “സ്വാമി കഴിഞ്ഞ കൊല്ലം അല്ലെങ്കിൽ നാലു കൊല്ലം മുമ്പ് ഇതു പോലൊരു കാര്യം പറഞ്ഞിട്ടുണ്ട്.” അതവരുടെ ഓർമ്മയിൽ റിക്കാർഡു ചെയ്യപ്പെട്ടിരിക്കുകയാണ്. ദയവായി, ഇന്നിനെ നഷ്ടമാക്കരുത്. ഭൂതകാലം വ്യാജമല്ല, അല്ല! പക്ഷേ, ഭൂതം വർത്തമാനത്തിലേക്ക് പ്രക്ഷേപിക്കപ്പെടുമ്പോൾ, വർത്തമാനത്തിന്റെ രുചി, സൗന്ദര്യം, മഹിമ, പുതുമ ഇവ നിങ്ങൾക്ക് നഷ്ടമാവും.



മറ്റൊരു ലളിതമായ ദൃഷ്ടാന്തം ഇതാ: നിങ്ങളുടെ ഭാര്യ വെളുപ്പിന്, ആദ്യമായി, നിങ്ങൾക്ക് ചൂടുള്ള ഒരു കപ്പ് കാപ്പി കൊണ്ടുവന്നു തരുന്നു എന്നിരിക്കട്ടെ. ഈ ആദ്യത്തെ ചൂടുള്ള ഒരു കപ്പ് കാപ്പിയുമായി താരതമ്യം ചെയ്യുമ്പോൾ അമൃത് ഒന്നുമല്ല! അതാണ് അമൃതം! അത് ആസ്വദിച്ചിട്ട് "ആഹാ! വളരെ നല്ലത്! നല്ല ഒരു കപ്പ് കാപ്പി!" എന്ന് പറയുന്നതിനു പകരം നിങ്ങൾ പറയുകയാണ്, "ഇന്നലെയും ഇത് വളരെ നന്നായിരുന്നു." നിങ്ങളുടെ ഭാര്യയുടെ ഭാവം വെറുതെയൊന്ന് ശ്രദ്ധിച്ചോളൂ. നാളെ നിങ്ങൾക്ക് കാപ്പി കിട്ടില്ല! നിങ്ങളുടെ ഭാര്യ പറയും, "അതു ശരി! അപ്പോൾ, ഇന്നലെ ഇത് നന്നായിരുന്നു. നന്ദി! ഇന്ന് എങ്ങനെയുണ്ട്?" അപ്പോൾ, വസ്തുത എന്തെന്നാൽ, ഓരോന്നും നിങ്ങൾ ഭൂതകാലത്തെ ഓർമ്മയിൽനിന്ന് പ്രക്ഷേപിച്ചാൽ, ഇന്നിന്റെ സൗന്ദര്യം നഷ്ടമാവും, പുതുമ പൊയ്പോവും. ഇവിടെ ഓർമ്മ ഒരു വികലാംഗനാകുന്നു.



ഭഗവാൻ ബുദ്ധൻ ബോധോദയത്തിനു ശേഷം നാൽപ്പതു കൊല്ലം ജീവിച്ചു. ബോധോദയ(enlightenment)ത്തിന് മുക്തി, മോക്ഷം, നിർവാണം എന്നൊക്കെ പേരുണ്ട്. ഈ നാൽപ്പതു കൊല്ലക്കാലം, അവിടുന്ന് സത്യം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അവിടുന്ന് ഭൂതകാലത്തെപ്പറ്റി ഒരിക്കൽപ്പോലും സംസാരിക്കുകയോ പരാമർശിക്കുകയോ ചെയ്തില്ല. അവിടുന്നിന് സംഭവിച്ച ഓരോ കാര്യവും പുതിയതും നവ്യവുമായിരുന്നു.

വൈകുന്നേരത്ത്, നിങ്ങൾ നടക്കാൻ പോയേക്കാം. ഇളം കാറ്റ് നിങ്ങൾ ആസ്വദിക്കും, പക്ഷേ നിങ്ങൾ ഒരിക്കലും പറയില്ല, “ഇന്നലത്തെ അഥവാ കഴിഞ്ഞ കൊല്ലത്തെ അല്ലെങ്കിൽ അതിനും തലേ വർഷത്തെ കാറ്റ് എങ്ങനെയുണ്ടായിരുന്നു?” ടി.വി. റിപ്പോർട്ട് എന്താണ് പറയുന്നത്? “കാലിഫോർണിയയിൽ ഒരു ചെറിയ മഴയുണ്ടാവും. കോളറാഡോയിൽ നിങ്ങൾക്ക് തെളിഞ്ഞ പകലാവും.” എന്നാൽ നിങ്ങളുടെ ഇപ്പോഴത്തെ അനുഭവമോ? ഓർമ്മ ഉപേക്ഷിക്കുന്നതിന്, പോയ കാലത്തെ കുഴിച്ചുമൂടുന്ന




തിന്, ഈ വർത്തമാന നിമിഷത്തിൽ ജീവിക്കുന്നതിന് ആദ്ധ്യാത്മികത നിങ്ങളോട് ആവശ്യപ്പെടുന്നു.

അവസാനമായി, ഓർമ്മയ്ക്ക് മറ്റൊരു വലിയ അപകടമുണ്ട്. വർത്തമാനത്തെ ആദരിക്കുന്നതിന് ഭൂതകാലം നിങ്ങളെ അനുവദിക്കില്ല. അങ്ങനെ, നിങ്ങൾക്ക് വർത്തമാനം നഷ്ടമാവുന്നു. പോയ കാലത്തെക്കുറിച്ചുള്ള ഓർമ്മയ്ക്ക് രണ്ട് ചീത്ത സവിശേഷതകളുണ്ട്: ആദ്യത്തേത്, അത് നിങ്ങളെ പ്രദർശനപരനാ(exhibitionist)ക്കും-പൊങ്ങച്ചം, ഈഗോ, നാട്യം ഉള്ളവൻ. രണ്ടാമതായി, അത് ഭൂതത്തെ വർത്തമാനത്തിലേക്ക് പ്രക്ഷേപിക്കുന്നു(projecting), നിങ്ങൾക്ക് വർത്തമാനം നഷ്ടമാവുന്നു. അതിനാൽ, പോയ കാലം മറക്കേണ്ടത് അങ്ങേയറ്റം ആവശ്യമാകുന്നു.




മനസ്സിന്റെ വ്യത്യസ്ത ഭാവങ്ങളെപ്പറ്റിയുള്ള നമ്മുടെ ചർച്ചയ്ക്ക് ഇതോടെ വിരാമമാകുന്നു.

പ്രഫസർ അനിൽകുമാർ നമ്മുടെ ആദ്ധ്യാത്മിക ഉൾക്കാഴ്ച വികസിപ്പിക്കുന്നത് അടുത്ത ലക്കത്തിൽ തുടരുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Vedam*** പേജ് 142–146)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)